"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - ശ്രീമതി ആര്യ പി, എക്സ്റ്റൻഷൻ ഓഫീസർ മത്സ്യഭവൻ,കുണ്ടറ- അന്യത്രസേവനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

മത്സ്യബന്ധന (എ ) വകുപ്പ്

സ.ഉ.(സാധാ) നം.29/2022/മ.തു.വ തീയതി,തിരുവനന്തപുരം, 15/01/2022

---

പരാമർശം:-

1. സ.ഉ (പി ) 45/2013/ ധന തീയതി 22.01.2013
2. മത്സ്യകർഷക വികസന ഏജൻസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 23.11.2021 ലെ FFDA/ എസ്റ്റാ.666/2021-22 നമ്പർ കത്ത് .
3. ഫിഷറീസ് ഡയറക്ടറുടെ 25/11/2021 ലെ DFTVM/3195/2021-A2 നമ്പർ കത്ത്

**ഉത്തരവ്**

കുണ്ടറ മത്സ്യഭവൻ ഓഫീസിൽ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ ജോലിനോക്കിവരുന്ന ശ്രീമതി ആര്യ പി യ്ക്ക് പരാമർശം 1 ഉത്തരവിലെ നിബന്ധനകൾക്കും നിലവിലുള്ള അന്യത്രസേവന വ്യവസ്ഥയ്ക്കും വിധേയമായി കൊല്ലം മത്സ്യ കർഷക ഏജൻസിയിൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ അന്യത്രസേവനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

2) അന്യത്രസേവനത്തിന്റെ അനുവദിക്കപ്പെട്ട കാലാവധി അവസാനിക്കുന്നതിനുമുൻപ് ബന്ധപ്പെട്ട അധികാരികളുടെ, അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച അനുമതി ലഭിക്കാത്തപക്ഷം അനുവദനീയമായ കാലാവധി അവസാനിക്കുന്ന ദിവസം അന്യത്രസേവനത്തിലുള്ള ഉദ്യോഗസ്ഥനെ വിടുതൽ ചെയ്യേണ്ടതാണ് . അന്യത്രസേവന കാലാവധി അവസാനിക്കുകയും മാതൃവകുപ്പിലേക്ക് തിരികെ പോകാതിരിക്കുകയും ചെയ്താൽ ഉദ്യോഗസ്ഥനെതിരെ അച്ചടക്കനടപടി സ്വീകരിക്കേണ്ടതാണ് . അനുമതി ഇല്ലാതെ അന്യത്രസേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രെമെന്റിനോ കണക്കാക്കുന്നതല്ല . കൂടാതെ ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യത്തോടെ തടയപ്പെടുകയും അന്യത്രസേവനകാലാവധി തീരുന്ന മുറയ്ക്ക് ഉദ്യോഗസ്ഥനെ ശമ്പളവും മറ്റലവൻസുകളും കൈപറ്റുന്നതിൽ നിന്നും വിലക്കേണ്ടതുമാണ്.അനുമതി ഇല്ലാതെ അനധികൃതമായി അന്യത്രസേവനത്തിൽ തുടരുന്ന കാലയളവ് ക്രമീകരിക്കുന്നതല്ല .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

Sreedevi I B

അണ്ടർ സെക്രട്ടറി

ഡയറക്ടർ ,ഫിഷറീസ് വകുപ്പ്
ശ്രീമതി ആര്യ പി , ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ ( ഡയറക്ടർ മുഖേനെ )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ ) തിരുവനന്തപുരം
ഐ &പി ആർ ഡി
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Bijimol.k.chacko
Date: 19-01-2022 10:40:03
സെക്ഷൻ ഓഫീസർ
Reason: Approved